## ii) 2017- ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ.

## ക്രമപ്രശ്നം

ബിൽ അവതരിപ്പിക്കുന്നതിന് മറ്റൊരു മന്ത്രിയെ ചുമതലപ്പെടുത്തിയത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: സർ, നിയമസഭ സെക്രട്ടേറിയറ്റിൽ നിന്നും ഇതുസംബന്ധിച്ച് അറിയിച്ചിട്ടുള്ളത് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുപകരം പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ബിൽ അവതരിപ്പിക്കുമെന്നാണ്. ഒരു കാരണവശാലും ഇത് അനുവദിക്കാൻ പാടില്ലെന്നാണ് റൂൾ 78 പ്രകാരം പറയുന്നത്. ബില്ലുകൾ സംബന്ധിച്ച പ്രമേയം കൊണ്ടുവരുന്നത് ആരാണ് എന്ന് നിഷ്കർഷിക്കുന്നതാണ് റൂൾ 78. 'ബിൽ പരിഗണനയ്ക്കെടുക്കണമെന്നോ പാസ്സാക്കണമെന്നോ ഉള്ള യാതൊരു പ്രമേയവും ബില്ലിന്റെ ചുമതല വഹിക്കുന്ന അംഗമല്ലാത്ത മറ്റേതെങ്കിലും അംഗം കൊണ്ടുവരാൻ പാടില്ലാത്തതും, ബിൽ അതത് സംഗതിപോലെ ഒരു സെലക്ട് കമ്മിറ്റിക്കോ അഥവാ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്കോ വിടണമെന്നോ

അല്ലെങ്കിൽ അതിന്മേൽ അഭിപ്രായം ആരായുന്നതിന് സർക്കുലേറ്റ് ചെയ്യണമെന്നോ ഉള്ള യാതൊരു പ്രമേയവും ചുമതല വഹിക്കുന്ന അംഗം കൊണ്ടുവന്ന പ്രമേയത്തിന്റെ ഭേദഗതി എന്ന നിലയിലല്ലാതെ, ചുമതല വഹിക്കുന്ന അംഗമല്ലാതെയുള്ള മറ്റൊരു അംഗവും കൊണ്ടുവരാൻ പാടില്ലാത്തതും ആകുന്നു." ഒരു പ്രൊവൈസോ കൂടിയുണ്ട്. "എന്നാൽ ചുമതലവഹിക്കുന്ന അംഗത്തിന് തന്റെ ബില്ലിന്റെ അവതരണത്തിനുശേഷം പിന്നീടുള്ള ഏതെങ്കിലും ഘട്ടത്തിൽ ആ ബിൽ സംബന്ധിച്ച അടുത്ത പ്രമേയം അവതരിപ്പിക്കാൻ കഴിയാതെ വന്നാൽ അതിനുള്ള കാരണങ്ങൾ തൃപ്തികരമെന്ന് സ്പീക്കർ കരുതുന്ന പക്ഷം, ആ അംഗത്തിന് സ്പീക്കറുടെ അംഗീകാരത്തോടുകൂടി ആ പ്രത്യേക പ്രമേയം അവതരിപ്പിക്കുന്നതിന് വേറൊരു അംഗത്തെ അധികാരപ്പെടുത്താവുന്നതാണ്." ഒരു കാരണവശാലും ഇതിന്റെ ചുമതലവഹിക്കുന്ന മന്ത്രിക്കല്ലാതെ മറ്റൊരു മന്ത്രിക്ക് ഈ പ്രമേയം അവതരിപ്പിക്കാൻ പാടുള്ളതല്ല. റൂൾ 78 വളരെ ക്ലിയറാണ്. ബഹുമാനപ്പെട്ട ചെയറിനുള്ള അധികാരംപോലും റൂൾ 78 പ്രൊവൈസോയിൽ പരിമിതപ്പെടുത്തിയിരിക്കുകയാണ്. ഒരു കാരണവശാലും ഈ പ്രമേയം മറ്റൊരു മന്ത്രി അവതരിപ്പിക്കാൻ പാടില്ല. അവതരിപ്പിക്കുന്നത് ക്രമത്തിലല്ലെന്ന

തടസ്സവാദം ഞാൻ ഉന്നയിക്കുന്നു.

(റൂളിംഗ്)